ശ്രീ. എം. നാരായണക്കുറുപ്പ് : ഇതു് പ്രവർത്തിക്കാതായിട്ടു് എത്ര കാലമായി ?

ശ്രീ. കെ. പി. ഗോപാലൻ : 1952 മുതൽ പ്രവർത്തനരഹിതമായി കിടക്കുകയാണു്.

ശ്രീ. എം. നാരായണക്കുറുപ്പ് : ഈ അവസ്ഥ നിലനിർത്തണോ അതോ പുനരാരംഭിക്കണോ എന്നു് ഇതുവരെ ഗവണ്മെൻറു് ആലോചിക്കാത്തതു് എന്തുകൊണ്ടാണു് ?

ശ്രീ. കെ. പി. ഗോപാലൻ : പുനരാരംഭിക്കുന്നതിനെപ്പറ്റി ഒരു സഹകാരി കമ്പനിയുമായി ഗവണ്മെൻറു് ആലോചിച്ചുവരുകയാണു്.

വ്യവസായസ്ഥാപനങ്ങളിലെ നിയമനം.

*1515. [2] ശ്രീ. കെ. ഹസ്സൻഗനി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) 1958-59-ൽ ഗവണ്മെൻറുടമയിലുള്ള വ്യവസായസ്ഥാപനങ്ങളിൽ അതതു് എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ടു് ;

(ബി) ഏതെല്ലാം തസ്തികകളിൽ ;

(സി) റിസർവ്വേഷൻ നിയമങ്ങൾ ഈ നിയമനങ്ങളിൽ പാലിച്ചിട്ടുണ്ടോ ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. പി. ഗോപാലൻ) :

(എ-ബി) വിവരങ്ങൾ അടങ്ങിയ ഒരു സ്റ്റേറ്റുമെൻറു് † മേശപ്പുറത്തു വച്ചിട്ടുണ്ടു്.

(സി) ഈ നിയമനങ്ങളിൽ റിസർവ്വേഷൻ പാലിക്കുന്നതിനു പ്രത്യേക വൈഷമ്യങ്ങൾ ഉണ്ടു്. എങ്കിലും പിന്നോക്കസമുദായങ്ങൾക്കു് പ്രാതിനിധ്യം കൊടുക്കുന്നതിൽ വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടു്. അതിൻറെ പകർപ്പും മേശപ്പുറത്തു വച്ചിട്ടുണ്ടു്.

ശ്രീ കെ. ഹസ്സൻഗനി : സാങ്കേതിക പരിജ്ഞാനം ഇല്ലാത്ത ഉദ്യോഗങ്ങൾ സൃഷ്ടിക്കുമ്പോൾ ഈ റിസർവ്വേഷൻ വ്യവസ്ഥ സ്വീകരിക്കുന്നതിൽ വല്ല കുഴപ്പവുമുണ്ടോ ?

മി. സ്പീക്കർ : അതൊരഭിപ്രായമാണു്.

ശ്രീ. എം. നാരായണക്കുറുപ്പ് : പിന്നോക്കസമുദായങ്ങൾക്കു് പ്രാതിനിധ്യം കൊടുക്കാൻ നിർദ്ദേശം കൊടുത്തതു് എന്നാണു് ?

ശ്രീ. കെ. പി. ഗോപാലൻ : 9-9-1957-ൽ ഗവണ്മെൻറിന്റെ നിർദ്ദേശം എല്ലാ സ്ഥാപനമേധാവികൾക്കും കൊടുത്തിട്ടുണ്ടു്.

ശ്രീ. എം. നാരായണക്കുറുപ്പ് : ഇപ്പോൾ കിട്ടിയിരിക്കുന്ന പട്ടികയിൽ ഈ നിർദ്ദേശം പാലിക്കാത്ത ഏതെങ്കിലും സ്ഥാപനം ഉള്ളതായി ഗവണ്മെൻറിനു ബോദ്ധ്യമായിട്ടുണ്ടോ ?

ശ്രീ. കെ. പി. ഗോപാലൻ : കുറിയുന്നതും പാലിക്കപ്പെട്ടിട്ടുണ്ടു് എന്നാണു് അറിയുന്നതു്.

† Please see Appendix I and I (a).

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ആർ. നാരായണൻ : യോഗ്യതയുള്ളവർ അപേക്ഷിച്ചിട്ടും നിയമിച്ചിട്ടില്ലെന്നറിയാമോ ?

ശ്രീ. കെ. പി. ഗോപാലൻ : അറിവില്ല.

ശ്രീ. കെ. ആർ. നാരായണൻ : ചവറയിൽ പരമേശ്വരൻ എന്നൊരാൾ അപേക്ഷിക്കുകയും അപേക്ഷ പരിഗണിക്കാത്തതിനാൽ പരമേശ്വരൻപിള്ള എന്ന പേരിൽ അപേക്ഷിച്ചപ്പോൾ ജോലി കൊടുക്കുകയും പിന്നീട് കാര്യം മനസ്സിലായപ്പോൾ പിരിച്ചുവിടുകയും അതേപറ്റി ഹൈക്കോടതിയിൽ റിട്ട് കൊടുത്തിട്ടുള്ളതായും ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അതിനെപ്പറ്റി വല്ല പരാതിയും ഗവണ്മെന്റിനു കിട്ടിയിട്ടുണ്ടോ ?

ശ്രീ. കെ. പി. ഗോപാലൻ : അങ്ങനെയൊരു പരാതിയില്ല. പ്രത്യേകിച്ചും സാങ്കേതിക പരിജ്ഞാനം വേണ്ട ഉദ്യോഗങ്ങളിൽ റിസർവ്വേഷൻ പാലിക്കുന്നതിനു വിഷമമുണ്ട്. പൊതുവിൽ പിന്നോക്കസമുദായങ്ങൾക്കു പ്രാതിനിധ്യം കൊടുക്കണമെന്നു നിർദ്ദേശിച്ചിട്ടുണ്ട്. അതേയവസരത്തിൽ കപ്പാസിറ്റിക്കേഷനും മറ്റു കാര്യങ്ങളും നോക്കേണ്ടതുണ്ട്.

ഖാദി വില്ലേജ് ഇൻഡസ്ട്രീസിന്റെ കീഴിലുള്ള സ്ഥാപനങ്ങൾ.

*1516. [3] ശ്രീ. ടി. കെ. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി വില്ലേജ് ഇൻഡസ്ട്രീസ് ബോർഡിന്റെ കീഴിൽ എറണാകുളം ജില്ലയിൽ നടത്തുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റ് മേശപ്പുറത്തു വയ്ക്കുമോ ;

(ബി) എറണാകുളം റീജിയണൽ ബോർഡിലെ അംഗങ്ങൾ ആരെല്ലാം ;

(സി) റീജിയണൽ ബോർഡു സംബന്ധിപ്പിക്കുന്നതു് ഏതെല്ലാം തരങ്ങളിന്മേലാണു് ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. പി. ഗോപാലൻ):

(എ) * ലിസ്റ്റ് മേശപ്പുറത്തു വച്ചിട്ടുണ്ട്.

(ബി) 1. ശ്രീ. ഇക്കണ്ടവാരിയർ (ചെയർമാൻ)
2. ,, സി. ജെ. മാത്യു, എം. എൽ. എ.
3. ,, അലക്സാണ്ടർ പറമ്പിത്തറ എം. എൽ. എ.
4. ഡോക്ടർ ടി. കെ. മാധവി.
5. ,, ഡിസ്ട്രിക്റ്റ് ഇൻഡസ്ട്രീസ് ആഫീസർ, എക്സ് ഓഫിഷ്യോ സെക്രട്ടറി.

(സി) ചെയർമാനും, ഔദ്യോഗിക മെംബറും, എക്സ് ഓഫിഷ്യോ സെക്രട്ടറിയും അതല്ല ഡിസ്ട്രിക്റ്റിലെ ഇൻഡസ്ട്രീസ് ആഫീസറും ആയിരിക്കണമെന്നാണു് നിശ്ചയിച്ചിട്ടുള്ളതു്. ഖാദിഗ്രാമവ്യവസായങ്ങളിലും, അതുപോലെ ഡിസ്ട്രിക്റ്റിലെ പൊതു പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ളവരേയുമാണു് മറ്റംഗങ്ങളായി തിരഞ്ഞെടുക്കുന്നതു്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഈ ബോർഡിൽ രാഷ്ട്രീയ പാർട്ടികൾക്കു പ്രാതിനിധ്യം കൊടുത്തിട്ടുണ്ടോ ?

ശ്രീ. കെ. പി. ഗോപാലൻ : ഇല്ല.

* Please see Appendix II.

LIBRARY ARCHIVES Kerala Legislative Assembly

APPENDIX I

[*Please see Answer to Question* ❋ *No. 1515 (2) sub questions (a) and (b)*]

Statement of total number of appointments other than those of workers made during 1958–59 in the Government owned Industrial Concerns other than Government Ceramic Concerns, Kundara. Their details are given below:

Posts to which appointments are made.

	Name of concern	*Sales Clerk*	*Planning Clerk*	*L. D. Clerk*	*Watcher*	*Time Keeper*	*Stores Executive*	*Stores Attenders*	*Peons*	*Medical Attender*	*Charge man*	*Lorry cleaner*	*L. D. Accountant*	
1	Travancore Rubber Works, Trivandrum.	1	1		1	1	1	8						13
2	Shark Liver Oil Factory, Trivandrum.			1					1					2
3	Kerala Government Ceramics, Kundara.				Nil									
4	Travancore Plywood Industries, Punalur.				1			1	2	1	4	1		10
5	Kerala Soap Institute, Kozhikode.			3										3
6	Government Hydrogenation Factory, Kozhikode.			1									1	2
7	Government Oil Factory, Kozhikode.			2										2
8	Government Ceramic Concerns, Kundara: Details called for from the General Manager have not yet been received.													
	Grand Total:													32

4787

LIBRARY ARCHIVES Kerala Legislative Assembly

APPENDIX I (a)

[*Sub Question* (c)]

[*Please see Answer to Starred Question No.* ✻ 1515 (2)]

Copy of the G. P. Order D. Dis. 3471/57/ID. dated 9-9-1957 from the Industries Department, addressed to the Members of the Industries Control Board; The Officers-in-charge of the Government owned Concerns.

Government have reconsidered the question of recruitment to Industrial Concerns and are pleased to order that technical or commercial qualifications and practical experience should be given due consideration in the matter of recruitment even to the Gazetted ranks. The General Managers and the Selection Board should keep in mind the need for adequate representation to those who are backward but such communal consideration should not affect experience and efficiency.

By order of The Governor,
(Sd.) M. G. ATCHUTHAN NAIR,
Deputy Secretary.

LIBRARY ARCHIVES Kerala Legislative Assembly